പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3954 — 21/06/2018 ൽ മറുപടിക്ക്

## ക്ഷേത്ര സ്വത്തുക്കളുടെ സംരക്ഷണം

ചോദ്യം — മറുപടി

ശ്രീ.റ്റി.വി.രാജേഷ്
,, എം. മുകേഷ്
,, എം. സ്വരാജ്
,, കെ. ദാസൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) ഉം | സംസ്ഥാനത്ത് അന്യാധീനപ്പെട്ട ക്ഷേത്ര ഭൂമി തിരിച്ച് പിടിക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി പ്രത്യേക ധന സഹായ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും ബന്ധപ്പെട്ടുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരംക്ഷിക്കുന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ വർഷം ഈ ഇനത്തിൽ 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധി ശേഖരത്തിന്റെ കണക്കെടുപ്പ് മാതൃകയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി തുടങ്ങിയ ഉരുപ്പടികളുടെ ഇൻവെന്ററി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? വിശദമാക്കാമോ; | (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലേതുൾപ്പെടെ സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിച്ച വകകൾ തിട്ടപ്പെടുത്തി ഡിജിറ്റൽ രേഖകളായി സൂക്ഷിക്കുന്നതിന് എല്ലാ ദേവസ്വം ബോർഡുകൾക്കും 09/01/2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ